പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2763 20.07.2011-ൽ മറുപടിയ്ക്ക്

അപ്രഖ്യാപിത ലോഡ് ഷെഡ്ഡിംഗും പവർകട്ടും.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ചന്ദ്രൻ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിൻെറ കാലത്ത് പവർകട്ടും ലോഡ് ഷെഡ്ഡിംഗും ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നോ ; | (എ) & (ബി) | 2008-2009 വർഷത്തിൽ 27-06-2008 മുതൽ 18-04-2009 വരെ എല്ലാ 11 കെ. വി ലൈനുകളിലും അരമണിക്കൂർ വീതം ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിരുന്നു. എന്നാൽ ഉത്രാടം, തിരുവോണം, റംസാൻ, ബക്രീദ്, ക്രിസ്തുമസ് എന്നീ വിശേഷ ദിവസങ്ങളേയും എസ്. എസ്. എൽ. സി പരീക്ഷാ അനുബന്ധമായുള്ള ദിവസങ്ങളേയും ലോഡ് ഷെഡ്ഡിങ്ങിൽ നിന്നും ഒഴിവാക്കിയിരുന്നു.<br>HT/EHT ഉപഭോക്താക്കൾക്ക് 25-07-2008 മുതൽ 25% പവർ കട്ട് ഏർപ്പെടുത്തിയിരുന്നത് 15-10-2008 മുതൽ 20% ആയി കുറച്ചു. എല്ലാ നിയന്ത്രണങ്ങളും 01-05-2009 മുതൽ എടുത്തുകളഞ്ഞു. 2009-2010-ൽ, ഇടുക്കി ജലവൈദ്യുതി നിലയത്തിൻെറ അറ്റകുറ്റ പണികൾക്കായി 07-06-2009 മുതൽ 12-06-2009 വരെ cyclic load shedding നടത്തിയിരുന്നു. |
| (ബി) | ഉണ്ടെങ്കിൽ ഏതെല്ലാം സന്ദർഭങ്ങളിലാണെന്ന് വ്യക്തമാക്കാമോ ; | | |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാന വ്യാപകമായി അപ്രഖ്യാപിത ലോഡ് ഷെഡ്ഡിംഗും പവർകട്ടും ഏർപ്പെടുത്തിയിട്ടുണ്ടോ ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാന വ്യാപകമായി പവർകട്ട് ഏർപ്പെടുത്തിയിട്ടില്ല. ഇടുക്കി നിലയത്തിൽ 20-06-2011-ന് അപ്രതീക്ഷിതമായി ഉണ്ടായ |

ഏർപ്പെടുത്തേണ്ടി വന്നിരുന്നു.

(ഡി) ഉണ്ടെങ്കിൽ ഇത് ഒഴിവാക്കുന്നതിലേക്കായി എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

(ഡി) സംസ്ഥാനത്തിനകത്തെ ഉല്പാദന നിലയങ്ങൾ ജലലഭ്യതക്കനുസൃതമായി പരമാവധി പ്രവർത്തിപ്പിച്ചും, ഉപഭോഗം മുൻകൂട്ടി കണക്കാക്കി വൈദ്യുതി വാങ്ങാനുള്ള കരാറുകളിൽ ഏർപ്പെട്ടും, സംസ്ഥാനത്തെ സ്വകാര്യ നിലയങ്ങളിൽ നിന്നും പവർ എക്സ്ചേഞ്ചുകളിൽ നിന്നും ട്രേഡേഴ്സിൽ നിന്നും മെറിറ്റ് ഓർഡർ അനുസരിച്ച് വൈദ്യുതി വാങ്ങിയുമാണ് ലോഡ്ഷെഡിംഗും, പവർകട്ടും ഒഴിവാക്കുന്നത്.

സെക്ഷൻ ഓഫീസർ.